ഹദീസ്

ഡോ.കെ.മുഹമ്മദ്, പാണ്ടിക്കാട്

# ശിപാർശകരായി നോമ്പും ഖുർആനും

عن عبد الله بن عمرو أن رسول الله صلى الله عليه وسلم قال: الصيامُ والقرآنُ يَشْفَعانِ للعبدِ يومَ القيامَةِ، يقولُ الصيامُ : أَيْ رَبِّ ! إني مَنَعْتُهُ الطعامَ والشهواتِ بالنهارِ، فشَفِّعْني فيه، ويقولُ القرآنُ : مَنَعْتُهُ النومَ بالليلِ، فشَفِّعْني فيه ؛ فيَشْفَعَانِ (رواه أحمد وصححه الألباني)

**അബ്ദുല്ലാഹിബ്നു അംറിൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: നോമ്പും ഖുർആനും അന്ത്യദിനത്തിൽ അടിമക്ക് ശിപാർശ ചെയ്യും. നോമ്പ് പറയും: 'റബ്ബേ.. ഞാനവന് പകലിൽ ഭക്ഷണവും തൃഷ്ണകളും തടഞ്ഞു. അതിനാൽ അവന്റെ കാര്യത്തിൽ എനിക്ക് ശിപാർശ അനുവദിക്കേണമേ...' ഖുർആൻ പറയും : 'ഞാനവന് രാത്രിയിലെ ഉറക്കം തടഞ്ഞു. അതിനാൽ അവന്റെ കാര്യത്തിൽ എനിക്കും ശിപാർശ അനുവദിക്കേണമേ'. അപ്രകാരം അവ രണ്ടും ശിപാർശ ചെയ്യും (അഹ്മദ്).**

വ്രതാനുഷ്ഠാനത്തിന്റെയും ഖുർആൻ പാരായണത്തിന്റെയും പ്രാധാന്യമാണ് ഈ ഹദീസിൽ വിവരിക്കുന്നത്. പരിശുദ്ധ റമദാൻ മാസമാണ് ഈ രണ്ട് പുണ്യങ്ങളുടെയും പ്രധാന വിളനിലം. മനുഷ്യർ ഏറെ ആഗ്രഹിക്കുന്ന അന്നവും ലൈംഗിക വികാരങ്ങളും അല്ലാഹുവിനായി ത്യജിക്കുന്നു എന്നതാണ് വ്രതാനുഷ്ഠാനത്തിന്റെ പ്രധാന പ്രത്യേകത. അല്ലാഹുവിന് ഏറെ ഇഷ്ടമുള്ള കാര്യമാണിത്.

റസൂൽ അരുളി: ''ആദം പുത്രന്റെ എല്ലാ പ്രവർത്തനങ്ങളും പത്ത് മുതൽ എഴുന്നൂറ് വരെ ഇരട്ടിക്കും. അല്ലാഹു പറയുന്നു: നോമ്പൊഴികെ. അതെനിക്കുള്ളതാണ് ഞാനാണതിന് പ്രതിഫലം നൽകുക. അവന്റെ വികാരങ്ങളും ഭക്ഷണവും എനിക്ക് വേണ്ടി അവൻ ഉപേക്ഷിക്കുന്നു. നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്. ഒന്ന് നോമ്പ് തുറക്കുമ്പോൾ. മറ്റൊന്ന് തന്റെ നാഥനെ അവൻ കാണുമ്പോൾ. അവന്റെ വായയുടെ ഗന്ധം അല്ലാഹുവിന് കസ്തൂരിയുടെ വാസനയേക്കാൾ സുഗന്ധമുള്ളതാണ്'' (മുസ്‌ലിം).

ഓരോ ഇബാദത്തുകൾക്കും പ്രത്യേക കവാടങ്ങൾ സ്വർഗത്തിലുണ്ടെന്ന് റസൂൽ (സ) പറഞ്ഞു: ''നമസ്കാരത്തിന്റെ ആളുകളെ നമസ്കാരത്തിന്റെ കവാടത്തിലേക്ക് വിളിക്കും. ജിഹാദിന്റെ ആളുകളെ ജിഹാദിന്റെ കവാടത്തിലേക്ക് വിളിക്കും. ദാനത്തിന്റെ ആളുകളെ ദാനത്തിന്റെ കവാടത്തിലേക്ക് വിളിക്കും. നോമ്പിന്റെ ആളുകളെ റയ്യാൻ കവാടത്തിലേക്ക് വിളിക്കും'' (ബുഖാരി, മുസ്‌ലിം).

ഓരോരുത്തരുടെയും ഖബ്റുകളിൽ കൂട്ടുകാരായി അവരുടെ ഇബാദത്തുകൾ മാത്രമാണുണ്ടാവുക.

ഖബ്റുകളിൽ നമസ്കാരം തലയുടെ ഭാഗത്ത് നിന്നും നോമ്പ് വലത് ഭാഗത്ത് നിന്നും സകാത്ത് ഇടത് ഭാഗത്ത് നിന്നും ദാനം, സുന്നത്ത് നമസ്കാരം, കുടുംബ ബന്ധം ചേർക്കൽ, നന്മ ചെയ്യൽ, ജന സേവനം ഇവയെല്ലാം കാലുകളുടെ ഭാഗത്ത് നിന്നും വിശ്വാസികളെ ആശ്വസിപ്പിക്കുമെന്ന് റസൂൽ (സ) പറയുന്നുണ്ട് (*സ്വഹീഹുത്തർഗീബ്*).

നോമ്പിന്റെ ഫലങ്ങളെയും നേട്ടങ്ങളെയും സംബന്ധിച്ച് ഇബ്നു റജബ് (റ) ഇപ്രകാരം പറഞ്ഞു: ''ദുരാഗ്രഹങ്ങളെ ഇല്ലാതാക്കുന്നു എന്നതാണ് വ്രതാനുഷ്ഠാനത്തിന്റെ ഒന്നാമത്തെ ഫലം. വയറ് നിറയെ ആഹാരം കഴിക്കൽ, പരിധിയില്ലാത്ത ലൈംഗികതകൾ എന്നിവ ആർത്തിയും അഹങ്കാരവും അശ്രദ്ധയുമാണുണ്ടാക്കുക. അന്നപാനീയങ്ങൾ ഒഴിവാക്കി വയറ് കാലിയാകുമ്പോഴാണ് ഹൃദയം തിളങ്ങുന്നതും ലോലമാവുന്നതും'' (*ലത്വാഇഫുൽ മആരിഫ്*).

വ്രതാനുഷ്ഠാനത്തിന്റെ ലക്ഷ്യത്തെ ഇബ്നുൽ ഖയ്യിം (റ) ഇപ്രകാരം വിവരിക്കുന്നുണ്ട്: ''നോമ്പിന്റെ പ്രധാന ലക്ഷ്യം വികാരങ്ങൾക്ക് കടിഞ്ഞാണിടലാണ്. വിജയ സൗഭാഗ്യങ്ങൾ നേടിയെടുക്കാനായി മനസ്സിനെ തയാറാക്കലാണ്. ദാഹവും വിശപ്പും വികാരങ്ങളുടെ മൂർച്ചയും കാഠിന്യവും കുറക്കും. അനശ്വര ജീവിതത്തെ സ്വീകരിക്കാൻ അതിനെ സജ്ജീകരിക്കും. അഗതികളുടെ വിശക്കുന്ന വയറിനെ അതോർമിപ്പിക്കും'' (*സാദുൽ മആദ്*).

ഖുർആൻ പാരായണത്തിന്റെ മാസമാണ് അതിന്റെ അവതരണത്തിന് തുടക്കമിട്ട റമദാൻ. ഇബ്നു അബ്ബാസ് (റ) പറയുന്നു: ''റമദാൻ മാസത്തിൽ ഓരോ രാത്രിയും ജിബ്‌രീൽ റസൂലിനെ കണ്ട് ഖുർആൻ പഠിപ്പിക്കാറുണ്ടായിരുന്നു'' (ബുഖാരി, മുസ്‌ലിം).

വിശുദ്ധ ഖുർആൻ ചിന്തിച്ച് പഠിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നവർക്ക് ഖുർആന്റെ ശഫാഅത്ത് ലഭിക്കുമെന്നാണ് പ്രവാചകൻ (സ) മുകളിലെ ഹദീസിൽ വാഗ്ദാനം നൽകുന്നത്.

ഇതിന്റെ വിശദീകരണമെന്ന രീതിയിൽ മറ്റൊരു പ്രവാചക വചനം ഇപ്രകാരമാണ്: ''അന്ത്യദിനത്തിൽ വിശുദ്ധ ഖുർആൻ മങ്ങിയ നിറമുള്ള ഒരാളുടെ രൂപത്തിൽ വരും. എന്നിട്ട് ഇപ്രകാരം പറയും: ''ഞാനാണ് നിന്റെ രാത്രിയെ ഉറക്കമില്ലാതാക്കിയത്. ഞാനാണ് നിന്റെ പകലിനെ ദാഹിക്കുന്നതാക്കിയത്'' (ഇബ്നുമാജ).

ചില പ്രത്യേക അധ്യായങ്ങളെ എടുത്തുദ്ധരിച്ചും ഇ ക്കാര്യം നബി(സ) ഉണർത്തുന്നുണ്ട്.

ഒരു ഹദീസിൽ കാണാം: അബൂഹുറയ്റ(റ)യിൽ നിന്ന്. നബി (സ) പറഞ്ഞു: ഖുർആനിൽ മുപ്പത് വാക്യങ്ങളുള്ള ഒരു അധ്യായമുണ്ട്. അതൊരാൾക്ക് ശഫാഅത്ത് ചെയ്തു. അതോടെ അയാളുടെ പാപങ്ങൾ പൊറുക്കപ്പെട്ടു. അതാണ്: تَبَارَكَ الَّذِي بِيَدِهِ الْمُلْكُ (അഹ്മദ്, ബൈഹഖി).

ഇമാം മുസ്‌ലിം നിവേദനം ചെയ്ത വേറൊരു ഹദീസിൽ ഇപ്രകാരമുണ്ട്: ''പുനരുത്ഥാന ദിനത്തിൽ ഖുർആനും അതനുസരിച്ച് പ്രവർത്തിച്ച അതിന്റെ ആളുകളും കൊണ്ടുവരപ്പെടും. *അൽ ബഖറ*യും *ആലു ഇംറാനു*മായിരിക്കും മുന്നിലുണ്ടാവുക. അവ രണ്ട് കാർമേഘങ്ങളെപ്പോലെയായിരിക്കും. അല്ലെങ്കിൽ ഇടയിൽ തിളക്കമുള്ള രണ്ട് മേഘങ്ങളെപ്പോലെ. അല്ലെങ്കിൽ, ചിറക് വിടർത്തി പറക്കുന്ന പറവക്കൂട്ടത്തെപ്പോലെ. രണ്ടും അവരുടെ ആളുകൾക്ക് വേണ്ടി അല്ലാഹുവിനോട് വാദിക്കും.''

റമദാൻ മാസത്തിൽ ഖുർആൻ മാത്രം പാരായണം ചെയ്യുക എന്നതായിരുന്നു പൂർവ പണ്ഡിതന്മാരുടെ പതിവ്. ഇമാം അസ്സുഹ്‌രി (റ) റമദാൻ മാസമായാൽ ഇപ്രകാരം പറയാറുണ്ടായിരുന്നു: ''ഇനി ഖുർആൻ പാരായണവും അന്നം നൽകലും മാത്രം.''

ഇബ്നുൽ ഹകം (റ) പറഞ്ഞു: ''ഇമാം മാലിക് (റ) റമദാൻ മാസം കടന്നു വന്നാൽ ഹദീസ് വായനയും വിജ്ഞാന ക്ലാസ്സുകളും മാറ്റിവെച്ച് ഖുർആൻ പഠന പാരായണത്തിൽ മാത്രം ശ്രദ്ധിക്കാറുണ്ടായിരുന്നു.'' അബ്ദുർറസ്സാഖ് (റ) പറഞ്ഞു: ''പ്രസിദ്ധ പണ്ഡിതൻ സുഫ്‌യാനുസ്സൗരി റമദാൻ ആഗതമായാൽ സുന്നത്തായ മുഴുവൻ ഇബാദത്തുകളും ഉപേക്ഷിച്ച് ഖുർആൻ പഠനത്തിനായി ഒഴിഞ്ഞിരുന്നിരുന്നു'' (*അല്ലത്വാഇഫ്*).

വിശുദ്ധ ഖുർആൻ കൂടുതൽ വാക്യങ്ങൾ പാരായണം ചെയ്യുന്നതിലാണോ ചിന്തിച്ച് അർഥം മനസ്സിലാക്കി കുറച്ച് മാത്രം പാരായണം ചെയ്യുന്നതിലാണോ മഹത്വമുള്ളത് എന്ന വിഷയത്തിൽ ഇമാം നവവി ഇപ്രകാരം എഴുതി: ''വ്യക്തികൾക്കനുസരിച്ചാണ് ഇതിനെ പരിഗണിക്കേണ്ടത്. ഒരാൾ ചിന്താശേഷിയും ഗവേഷണ മനസ്സും ഉള്ളവനാണെങ്കിൽ അവന് അതിനാവശ്യമുള്ളത് മാത്രം പാരായണം ചെയ്യുന്നതിലാണ് പുണ്യം. മറ്റൊരാൾ വിജ്ഞാനമാർജിക്കൽ പോലെയുള്ള ദീനീ പ്രവർത്തനങ്ങളിലും മുസ്‌ലിംകളുടെ സാമൂഹിക പ്രശ്നങ്ങളിലും ഇടപെടുന്നവനാണെങ്കിൽ അയാൾ ആ കർത്തവ്യങ്ങൾക്ക് ഭംഗം വരാത്ത രീതിയിൽ ഖുർആൻ പാരായണം നിർവഹിക്കുന്നതിലാണ് പുണ്യം. ഇത്തരം ദൗത്യങ്ങളൊന്നും നിർവഹിക്കാനില്ലാത്തവർക്ക് മടുപ്പും വെറുപ്പും കടന്ന് വരാത്ത രീതിയിൽ ഖുർആൻ ധാരാളമായി പാരായണം ചെയ്യാവുന്നതാണ്. എങ്കിലും കടിപിടി കൂട്ടി ധൃതിയിൽ പാരായണം ചെയ്യരുത്'' (*ഫത്ഹുൽ ബാരി*).

ഇമാം അബൂദാവൂദ് ഇപ്രകാരം ഒരു ഹദീസ് ഉദ്ധരിച്ചിട്ടുണ്ട് :

لا يفقه من قرأ القرآن في أقل من ثلاث

(മൂന്ന് ദിവസത്തേക്കാൾ കുറഞ്ഞ സമയമെടുത്ത് ഖുർആൻ മുഴുവൻ പാരായണം ചെയ്യുന്നവർ അതിനെക്കുറിച്ച് ചിന്തിക്കുന്നില്ല)

ഈ ഹദീസിനെ വിശദീകരിച്ച് ഇബ്നു ഹജറുൽ അസ്ഖലാനി എഴുതി: ''ധാരാളം പണ്ഡിതന്മാർ മൂന്ന് ദിവസത്തേക്കാൾ കുറഞ്ഞ സമയമെടുത്ത് ഖുർആൻ മുഴുവൻ പാരായണം ചെയ്തതായി സ്ഥിരപ്പെട്ടിട്ടുണ്ട്. അതിനാൽ അധികമാവരുത് എന്ന നിരോധം ഹറാമിന്റേതല്ല, എല്ലാ കൽപ്പനകളും നിർബന്ധമല്ലാത്തത് പോലെ. സന്ദർഭങ്ങളിൽനിന്നാണ് ഇക്കാര്യം മനസ്സിലാവുക'' (*ഫത്ഹുൽ ബാരി*).

ഇതേ ഹദീസിനെ വിശദീകരിച്ച് ഇബ്നു റജബ് (റ) എഴുതി: ''മൂന്ന് ദിവസത്തേക്കാൾ കുറഞ്ഞ സമയമെടുത്ത് ഖുർആൻ മുഴുവൻ പാരായണം ചെയ്യുന്നത് നിരോധിച്ച് കൊണ്ടുള്ള ഹദീസ് സാധാരണ ദിനങ്ങളിൽ അപ്രകാരം പതിവാക്കുന്നത് സംബന്ധിച്ചാണ്. എന്നാൽ റമദാൻ മാസം പോലുള്ള പ്രത്യേക കാലങ്ങളിൽ, പ്രത്യേകിച്ച് ലൈലത്തുൽ ഖദ്റിന്റെ രാവുകളിലും, പ്രത്യേക പുണ്യമുള്ള മക്ക പോലെയുള്ള സ്ഥലങ്ങളിൽ വെച്ചും ഖുർആൻ ധാരാളമായി പാരായണം ചെയ്യാവുന്നതാണ്'' (*ലത്വാഇഫുൽ മആരിഫ്*).

റമദാനിലെ രണ്ട് ജിഹാദുകളെ സംബന്ധിച്ച് ഇബ്നു റജബ് (റ) ഇപ്രകാരം എഴുതി: ''തീർച്ചയായും ഒരു സത്യവിശ്വാസിക്ക് റമദാൻ മാസത്തിൽ തന്റെ സ്വന്തം ശരീരത്തോട് രണ്ട് ജിഹാദുകളുണ്ട്. പകലിൽ നോമ്പിനായുള്ള ജിഹാദും, രാത്രിയിൽ നമസ്കാരത്തിനായുള്ള ജിഹാദും. ഈ രണ്ട് ജിഹാദുകൾ ആരെങ്കിലും അതിന്റെ യഥാർഥ രീതിയിൽ നിർവഹിക്കുകയും അതിനായി ക്ഷമ അവലംബിക്കുകയും ചെയ്താൽ അവന് ധാരാളം പ്രതിഫലം നേടാനാവും'' (*ലത്വാഇഫുൽ മആരിഫ്*). ●


**കിം പോസ്റ്റൽ ലൈബ്രറി**

കേരളത്തിലെ സാമൂഹ്യ സേവന മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കിം പോസ്റ്റൽ ലൈബ്രറിയുടെ പ്രവർത്തന ഫണ്ടിലേക്ക് ഈ റമദാനിൽ ഉദാരമായി സംഭാവനകൾ നൽകി സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

സെക്രട്ടറി

**കിം പോസ്റ്റൽ ലൈബ്രറി**
ഐ.എസ്.ടി. ബിൽഡിംഗ്
ഒയാസിസ് കോമ്പൗണ്ട്, എം.പി. റോഡ്
കോഴിക്കോട് - 673001
ഫോൺ: **0495 2724510, 9495808689**

A/C NAME: **KIM CHARITABLE TRUST**
BANK: PUNJAB NATIONAL BANK
BRANCH: PALLIKKANDI
A/C NO: **4329000100547092**
IFSC CODE: PUNB 0432900